**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206** | **04-07-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; ഓരോ റീച്ചിന്റെ പേരും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | **(1)ആറാംമൈൽ - ഇരുട്ടുക്കാനം** നിലവിൽ നാഷണൽ ഹൈവേ വിഭാഗത്തിൻ കീഴിലുള്ള പ്രസ്തുത ഭാഗം ബി.എം&ബി.സി നിലവാരത്തിൽ മെച്ചപ്പെട്ട രീതിയിൽ ഡി.എൽ.പിയിൽ ആണ്.<br><br>**(2)ഇരുട്ടുക്കാനം - എല്ലക്കൽ**<br><br>51 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബി അനുമതിക്കായി 23.02.2022 ൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ റോഡ് ബി.എം & ബി.സി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഡി.എൽ.പി പീരിയഡിലാണ്.<br><br>**(3)എല്ലക്കൽ - വലിയമുല്ലക്കാനം** പ്രവൃത്തി ടെണ്ടർ ചെയ്തു. 10.06.2022 - ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കരാർ ഉടമ്പടി ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള<br><br>നടപടി പുരോഗമിക്കുകയാണ്.<br><br>**(4)വലിയ മുല്ലക്കാനം - കുത്തുംഗൽ**<br><br>നിലവിൽ കെ.എസ്.റ്റി.പി - യുടെ കീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം പുരോഗമിക്കുന്നു.<br><br>**(5)കുത്തുംഗൽ - മൈലാട്ടുംപാറ** നിലവിൽ റോഡ്, ശബരിമലനടത്തിയ ഒരു പ്രവൃത്തിയുടെ മെയിന്റനൻസ്സ് പീരീയഡ് 2024 വരെയായതിനാൽ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.<br><br>**(7)പുളിയൻമല – കട്ടപ്പന** പ്രസ്തുത റോഡ് ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി ബി.എം &ബി.സി പൂർത്തീകരിച്ചിട്ടുള്ളതും 2023 വരെ ഡി.എൽ.പി യിലുമാണ്.<br><br>**(8)കട്ടപ്പന – മേരിക്കുളം** |

| | | | |
|---|---|---|---|
| | | | ഈ പ്രവൃത്തി ടെണ്ടർ ചെയ്യിട്ടുള്ളതും, 10.06.2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. താമസംവിനാ കരാർ ഉടമ്പടി ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.<br><br>**<u>(9)മേരികുളം - ചപ്പാത്ത്</u>** പീരുമേട് ദേവികുളം എന്ന പേരിൽ 21.06.2018 - ൽ ലഭിച്ച 84.53 കോടി രൂപയുടെ സാമ്പത്തികാനുമതിയിൽ ഈ ഭാഗം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് പ്രകാരം അധിക തുക ആവശ്യമായതിനാൽ സാമ്പത്തികാനുമതി പുതുക്കി ലഭിക്കുന്നതിനായി കിഫ്ബിയിൽ നടപടികൾ പുരോഗമിക്കുന്നു.<br><br>**<u>(10)ചപ്പാത്ത് - കുട്ടിക്കാനം</u>** നിലവിൽ റോഡ് നിർമ്മാണം പുരോഗമിക്കുന്നതും 74% പണിപൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>**<u>(11)കുട്ടിക്കാനം - മുണ്ടക്കയം</u>** നാഷണൽ ഹൈവേയുടെ അധീനതയിലുള്ളതും പ്രസ്തുത ഭാഗം നിലവിൽ 183-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ടി റോഡ് ബി.എം & ബി.സി നിലവാരത്തിൽ മെച്ചപ്പെട്ട രീതിയിലുമാണ്. ഈ റോഡിൽ<br><br>നിലവിൽ പേവ്ഡ് ഷോൾഡറോട്ടുകൂടി രണ്ട് വരി പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ പ്രവൃത്തികൾ നടന്നു വരുന്നതും - 3A Notification ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | പുളിയൻമല-മൈലാട്ടുംപാറ റീച്ചിനായി എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിരിക്കുന്നത്; പ്രസ്തുത റീച്ചിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; | (ബി) | **പുളിയൻമല – മൈലാട്ടുംപാറ** ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി നിരത്തു വിഭാഗത്തിൻ കീഴിൽ പൂർത്തീകരിച്ച പുളിയൻമല – മൈലാട്ടുപാറ പദ്ധതി ഡി.എൽ.പി - യിൽ ആയതിനാൽ ഈ പദ്ധതിക്കായി സമർപ്പിച്ച ഡി.പി.ആറിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. |
| (സി) | ആകെ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇടുക്കി ജില്ലയിൽ മലയോര ഹൈവേ കടന്നുപോകുന്നത്; വിശദാംശം നൽകാമോ? | (സി) | (1) ആറാംമൈൽ - ഇരുട്ടുക്കാനം - 20 കി.മീ (എൻ.എച്ച്).<br><br>(2) ഇരുട്ടുക്കാനം - എല്ലക്കൽ - 10.25 കി.മീ.<br><br>(3)എല്ലക്കൽ - വലിയമുല്ലക്കാനം റോഡ് - 5.25 കി.മീ.<br><br>(4) വലിയമുല്ലക്കാനം - കുത്തുംങ്കൽ - 6.05 കി.മീ.<br><br>(5)കുത്തുംങ്കൽ - മൈലാംട്ടുംപാറ – 10.9 കി.മീ. |

| | | | |
|---|---|---|---|
| | | | (6)മൈലാട്ടുംപാറ – പുളിയൻമല റോഡ് - 25.78 കി.മീ.<br><br>(7)പുളിയൻമല – ചപ്പാത്ത് - 27.717 കി.മീ.<br><br>(8)ചപ്പാത്ത് - കുട്ടിക്കാനം - 19 കി.മീ.<br><br>(9)കുട്ടിക്കാനം - മുണ്ടക്കയം - 20 കി.മീ.(എൻ.എച്ച്).<br><br>**ആകെ = 144.947കി.മീ.** |

സെക്ഷൻ ഓഫീസർ